# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5484
# 02.11.2016 ലെ മറുപടിയ്ക്ക്
# പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം :**
**ശ്രീ.വി.ഡി.സതീശൻ**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മറ്റു സർക്കാർ ജീവനക്കാർക്ക് ലഭിച്ചു വരുന്ന ഡി.സി.ആർ.ജി ആനുകൂല്യം, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭിക്കാൻ അർഹതയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ജീവനക്കാർക്കും ഡി.സി.ആർ.ജി ലഭിക്കാൻ നടപടി സ്വീകരിക്കുമോ? | കേന്ദ്ര സർക്കാരിന്റെയും, ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കാൻ കേന്ദ്ര സർക്കാർ നിയമിച്ച പി.എഫ്.ആർ.ഡി.എയുടേയും നിർദ്ദേശപ്രകാരമാണ് കേന്ദ്ര സർക്കാരിലും കേരള സംസ്ഥാന സർക്കാരിലും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മറ്റ് ജീവനക്കാർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ഡി.സി.ആർ.ജി ആനുകൂല്യം സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടില്ല; അനുവദിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽപ്പെട്ട ജീവനക്കാരുടെ മരണശേഷം, ആശ്രിത നിയമനം ലഭിക്കുന്നതു വരെ, ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളം സമാശ്വാസമായി നൽകുമെന്ന മുൻ സർക്കാരിന്റെ 26/12/2012 ലെ ക്യാബിനറ്റ് തീരുമാനത്തെത്തുടർന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പുതിയ സർക്കാർ ഈ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ഈ വിഭാഗം ജീവനക്കാരുടെ ആശ്രിതർക്ക് വ്യവസ്ഥകളോടെ അയാൾ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% തുക അനുവദിച്ചു കൊണ്ട് 31.08.2016 സ.ഉ.(അച്ചടി)നം. 126/2016/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പങ്കാളിത്ത പെൻഷൻകാർക്ക് മിനിമം പെൻഷൻ ഉറപ്പാക്കുമോ? | 01.04.2013 ന് ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10% -വും (10% of Pay + D.A) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് പി.എഫ്.ആർ.ഡി.എ നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും അയാൾക്ക് പെൻഷൻ വിഹിതം അന്വിറ്റി |

| | | |
|---|---|---|
| | | ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി. പി.എഫ്.ആർ.ഡി.എ ആക്ട് പ്രകാരം നിക്ഷേപത്തിന് അനുസൃതമായി ലഭിക്കുന്ന തുകയ്ക്ക് മാത്രമേ വിരമിക്കുന്ന സമയത്ത് അയാൾക്ക് അർഹതയുള്ളൂ. |

**സെക്ഷൻ ഓഫീസർ**